**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1051** **12.07.2016 ൽ മറുപടിയ്ക്ക്**

**വെജിവാഷ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) പച്ചക്കറികളിലെ വിഷാംശം കഴുകി കളയുന്നതിന് കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വെജിവാഷ് എന്ന ഉത്പന്നത്തിന്റെ ഫലപ്രാപ്തി സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ അറിവോ അംഗീകാരമോ ഇല്ലാത്തതിനാലും, സ്റ്റാറ്റിസ്റ്റിക്കൽ തത്വങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും ഐ.സി.എ. ആർ ൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലയെന്നാണ് സർവ്വകലാശാല അധികൃതർ പറയുന്നത്. |
| (ബി) പ്രസ്തുത ഉത്പന്നത്തിനെതിരെ കീടനാശിനി കമ്പനികളുടെ കൂട്ടായ്മ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയത് പ്രതിരോധിക്കുന്നതിന് ആവശ്യമായ സഹായം നൽകുമോ; | (ബി) ഉണ്ട്. ഇക്കാര്യത്തിൽ നിയമോപദേശം അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഇത്തരം ഉത്പന്നങ്ങൾ വികസിപ്പിക്കുന്ന തിന്നതിനായി സംസ്ഥാന സർക്കാർ സർവ്വകലാശാലകൾക്ക് ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന സർക്കാർ ഈ ഉത്പന്നത്തിന്റെ വില്പന നികുതി പൂർണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**